**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 471** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യൂ കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ വിദഗ്ധ സമിതിയുടെ നേതൃത്വത്തിലുള്ള ഓഡിറ്റിംഗ് സംവിധാനം ശക്തമാക്കണമെന്ന ബാങ്കിംഗ് വിദഗ്ധരുടെ ആവശ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും കുറ്റമറ്റ രീതിയിൽ ഓഡിറ്റ് നടത്തുന്നതിനും ആവശ്യമായ നിയമ പരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരള സഹകരണ സംഘം നിയമം, 1969 ലെ ചട്ടം 64ബി യിൽ സഹകരണ ഓഡിറ്റ് ഡയറക്ടർ ഇൻഡ്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട് സർവ്വീസിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിൽ കുറയാത്ത പദവിയിലുള്ള ഡെപ്യൂട്ടേഷൻ പ്രകാരമുള്ള ഓഫീസറോ അല്ലെങ്കിൽ ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഉദ്യോഗസ്ഥനോ ആയിരിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആയത് പ്രകാരം സഹകരണ ഓഡിറ്റർ തസ്തികയിലേയ്ക്ക് ഇൻഡ്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട് സർവ്വീസിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിൽ കുറയാത്ത പദവിയിലുള്ള ഡെപ്യൂട്ടേഷൻ പ്രകാരമുള്ള ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഓഡിറ്റ് രീതി സമഗ്രമായി പുന:ക്രമീകരിക്കുന്നതാണ്. |
| (ബി) | സഹകരണ ബാങ്കുകളിൽ വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന നിലവിലെ രീതി വിശദീകരിക്കാമോ; കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഇതിന് മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവും ബന്ധപ്പെട്ട ജീവനക്കാരും വായ്പാ അപേക്ഷകൾ പരിശോധിച്ച് വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന ചുമതല നിർവ്വഹിക്കേണ്ടതും ആയത് പ്രസ്തുത ജീവനക്കാർ ക്രമപ്രകാരം നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽ വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | വില നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | വസ്തുവിന്റെ മൂല്യം നോക്കി വായ്പ നൽകുന്നതിന് പകരം വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാധ്യതകളും പരിശോധിച്ച് വായ്പ നൽകാനുള്ള രീതി അവലംബിക്കാൻ തയ്യാറാകുമോ? | (സി) | നിലവിൽ വസ്തുവിന്റെ മൂല്യം നോക്കി വസ്തു ജാമ്യ വ്യവസ്ഥ അനുസരിച്ച് വായ്പ അനുവദിക്കുന്നതിനോടൊപ്പം വായ്പയുടെ ഉദ്ദേശം, വായ്പയിലൂടെ ലഭ്യമാക്കുവാൻ കഴിയുന്ന വരുമാനം, ഭൂമിയ്ക്ക് ഉണ്ടാകുന്ന മൂല്യ വർദ്ധന, വായ്പാക്കാരന്റെ തിരിച്ചടവ് തുടങ്ങിയ ഘടകങ്ങൾ കൂടി പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ ഒരോ വായ്പയുടേയും ഉദ്ദേശത്തെ മുൻനിർത്തി പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ